©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ജൂലൈ 16<br>16th July 2019<br>1194 മിഥുനം 31<br>31st Mithunam 1194<br>1941 ആഷാഢം 25<br>25th Ashadha 1941 | നമ്പർ<br>No. | 29 |

## PART III

## Forest Department

### സോഷ്യൽ ഫോറസ്ട്രി റിസർച്ച് സൗത്ത് ഡിവിഷൻ, തിരുവനന്തപുരം

ദർഘാസ് പരസ്യം

നമ്പർ എസ്1-443/2019. 2019 ജൂലൈ 3.

കേരളാ ഗവർണർക്കു വേണ്ടി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് ഡിവിഷനിൽ താഴെപ്പറയുന്ന പരിചരണ പ്രവർത്തനങ്ങൾക്കായി മൽസര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ദർഘാസുകൾ വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃതകരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും 1-8-2019-ാം തീയതി ഉച്ചയ്ക്കുശേഷം 3 മണിവരെ തിരുവനന്തപുരം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് സൗത്ത് ഡിവിഷൻ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം ക്ഷണിച്ചുകൊള്ളുന്നു.

ഏതെങ്കിലും കാരണവശാൽ 1-8-2019-ാം തീയതി ഈ ദർഘാസ് നടക്കാതെ വരികയാണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി 5-8-2019, 8-8-2019 തീയതികളിൽ അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പരും റിസർച്ച് യൂണിറ്റിന്റെ പേരും പ്രവൃത്തിയുടെ പേരും | അളവ് | നിരതദ്രവ്യം ₹ | ദർഘാസ് ഫോറത്തിന്റെ വില + ജി. എസ്. റ്റി. ₹ | അടങ്കൽ തുക ₹ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 1/2019-20—കുളത്തൂപ്പുഴ—പരിചരണ പ്രവർത്തനങ്ങൾ— | 11.56 ഹെ. | 6,290 | 563 (503+60) | 2,51,584 |
| | 1. 2000 റ്റി. സി. എസ്. ഒ., ഡീസന്റ്മുക്ക്, | | | | |
| | 2. 2000 റ്റി. സി. എസ്. ഒ., ഡീസന്റ്മുക്ക്, | | | | |
| | 3. 1981 റ്റി. സി. എസ്. ഒ., അരിപ്പ | | | | |
| | 4. റ്റി. സി. എസ്. ഒ., സെൻട്രൽ നഴ്സറി, കുളത്തൂപ്പുഴ | | | | |
| 2 | 2/2019-20—കുളത്തൂപ്പുഴ—പരിചരണ പ്രവർത്തനങ്ങൾ— | 15 ഹെ. | 6,084 | 545 (487+58) | 2,43,343 |
| | 1. എക്സ്പിരിമെന്റൽ പ്ലോട്ട്, കല്ലുവെട്ടാംകുഴി | | | | |
| | 2. 2002 ബാംബു ട്രയൽ പ്ലോട്ട്, ഓന്തുപച്ച | | | | |
| | 3. മെഡിസിനൽ ഡെമോൺസ്ട്രേഷൻ ഗാർഡൻ, ചോഴിയക്കോട് | | | | |
| 3 | 3/2019-20—കുളത്തൂപ്പുഴ—പരിചരണ പ്രവർത്തനങ്ങൾ— | 13.06 ഹെ. | 6,615 | 593 (529+64) | 2,64,611 |
| | 1. 1959 അഞ്ഞിലി പ്ലാന്റേഷൻ, അടപ്പുപാറ | | | | |
| | 2. 1986 പൈനസ് ലോവർഎലിവേഷൻ, കല്ലുവെട്ടാംകുഴി | | | | |
| | 3. 2014 Bit I ലക്ഷ്മി തരു, കല്ലുവെട്ടാൻകുഴി | | | | |
| | 4. 2014 Bit II ലക്ഷ്മി തരു, കല്ലുവെട്ടാൻകുഴി | | | | |
| | 5. 2005 ജീൻ ബാങ്ക്, കല്ലുവെട്ടാംകുഴി | | | | |
| | 6. 2007 പ്രൊജനി ട്രയൽ പ്ലോട്ട്, ആനപ്പാളയം | | | | |
| 4 | 4/2019-20—കുളത്തൂപ്പുഴ—പരിചരണ പ്രവർത്തനങ്ങൾ— | 18.44 ഹെ. | 5,412 | 485 (433+52) | 2,16,499 |
| | 1. 1998 കെയിൻ പ്ലോട്ട്, ആനപ്പാളയം | | | | |
| | 2. 1998 കെയിൻ പ്ലോട്ട്, കാലങ്കാവ് | | | | |
| | 3. 1998 കെയിൻ പ്ലോട്ട്, മൈലമൂട് | | | | |
| 5 | 5/2019-20—കുളത്തൂപ്പുഴ—പരിചരണ പ്രവർത്തനങ്ങൾ— | 57.48 ഹെ. | 10,969 | 982 (877+105) | 4,38,748 |
| | 1. 1986 റോഡ് വുഡ് പ്ലാന്റേഷൻ, ചോഴിയക്കോട് | | | | |
| | 2. 1985 റോഡ് വുഡ് പ്ലാന്റേഷൻ, ചോഴിയക്കോട് | | | | |
| | 3. 1987 റോഡ് വുഡ് പ്ലാന്റേഷൻ, ചോഴിയക്കോട് | | | | |
| | 4. 1999 റോഡ് വുഡ് പ്ലാന്റേഷൻ, ചോഴിയക്കോട് | | | | |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 6 | 6/2019-20—കുളത്തൂപ്പുഴ— | 14 ഹെ. | 5,978 | 535 (478+57) | 2,39,129 |
| | 1. 1987 റോഡ് വുഡ് പ്ലാന്റേഷൻ, ചോഴിയക്കോട് | | | | |
| | 2. 2006 പ്രൊജനി ട്രയൽ കാൻഡിഡേറ്റ് പ്ലസ് ട്രീസ്, ശാസ്താനട | | | | |
| 7 | 7/2019-20—പീരുമേട്—പരിചരണ പ്രവർത്തനവും വിത്തു ശേഖരണവും | 19 ഹെ. | 6,950 | 623 (556+67) | 2,78,000 |
| | 1. 1954 തേമ്പാവ് സീഡ് പ്രൊഡക്ഷൻ ഏരിയ, കാളകെട്ടി | | | | |
| | 2. 1950 വെൺതേക്ക് സീഡ് പ്രൊഡക്ഷൻ ഏരിയ, കാളകെട്ടി | | | | |
| 8 | 8/2019-20—പീരുമേട്—പരിചരണ വിത്തു ശേഖരണ പ്രവർത്തനങ്ങൾ | 28.7 ഹെ. | 12,025 | 1,077 (962+115) | 4,81,000 |
| | 1. 1980 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി | | | | |
| | 2. 1982 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി | | | | |
| | 3. 1980-81 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി | | | | |
| | 4. 1982 സാൻഡൽ റീജനറേഷൻ, നാച്ചിവയൽ | | | | |
| | 5. 1983 സാൻഡൽ സീഡ് സ്റ്റാന്റ്, നാച്ചിവയൽ | | | | |
| | 6. 1985 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി | | | | |
| | 7. 1985 സൻഡൽ സീഡ് സ്റ്റാന്റ്, നാച്ചിവയൽ | | | | |
| | 8. 1987 സാൻഡൽ റീജനറേഷൻ, ആനക്കാൽപ്പെട്ടി | | | | |
| 9 | 9/2019-20—പീരുമേട്—പരിചരണ പ്രവർത്തനങ്ങൾ | 15.23 ഹെ. | 5,697 | 511 (456+55) | 2,27,883 |
| | 1. 2006 സി. എസ്. ഒ യൂക്കാലിപ്റ്റസ് ഗ്രാന്റിസ്, പെട്ടിമുടി | | | | |
| | 2. 1999 കെയിൻ റിസർച്ച് ഗാർഡൻ, വളഞ്ഞങ്ങാനം | | | | |
| | 3. 1977 പൈനസ് റിസർച്ച് ഗാർഡൻ, വളഞ്ഞങ്ങാനം | | | | |
| | 4. 1981 സാൻഡൽ സീഡ് സ്റ്റാന്റ്, ആനക്കാൽപ്പെട്ടി | | | | |
| 10 | 10/2019-20—പീരുമേട്—പരിചരണ പ്രവർത്തനങ്ങൾ | 4 ഹെ. | 4,238 | 380 (339+41) | 1,69,500 |
| | 1. തേക്ക് ട്രയൽ പ്ലാന്റേഷൻ തേൻകുടം ബിറ്റ്-1, കാളിയാർ റെയ്ഞ്ച് | | | | |
| | 2. തേക്ക് ട്രയൽ പ്ലാന്റേഷൻ തേൻകുടം ബിറ്റ്-2, കാളിയാർ റെയ്ഞ്ച് | | | | |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 11 | 11/2019-20—പീരുമേട്—പരിചരണ പ്രവർത്തനങ്ങൾ<br>1. 1982 പൈനസ് റിസർച്ച് ഗാർഡൻ ആന്റ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, വളഞ്ഞങ്ങാനം<br>2. 1983 പൈനസ് റിസർച്ച് ഗാർഡൻ ആന്റ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, വളഞ്ഞങ്ങാനം<br>3. 1979 പൈനസ് റിസർച്ച് ഗാർഡൻ ആന്റ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, വളഞ്ഞങ്ങാനം<br>4. 1977 പൈനസ് റിസർച്ച് ഗാർഡൻ ആന്റ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, വളഞ്ഞങ്ങാനം<br>5. 1975 പൈനസ് റിസർച്ച് ഗാർഡൻ ആന്റ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, വളഞ്ഞങ്ങാനം<br>6. 1981 യൂക്കാലിപ്റ്റസ് റിസർച്ച് ഗാർഡൻ വളഞ്ഞങ്ങാനം<br>7. 1999 കെയിൻ റിസർച്ച് ഗാർഡൻ, വളഞ്ഞങ്ങാനം<br>8. 1984 പൈനസ് റിസർച്ച് ഗാർഡൻ ആന്റ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, വളഞ്ഞങ്ങാനം<br>9. 1983 യൂക്കാലിപ്റ്റസ് ആന്റ് പൈനസ് പ്രോവിനൻസ് ട്രയൽ പ്ലോട്ട്, കരിക്കട്ടൂർ, കനകപ്പാലം | 19.21 ഹെ. | 5,544 | 496<br>(443+53) | 2,21,740 |

കൂടുതൽ വിവരങ്ങൾ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് സൗത്ത് ഓഫീസിൽ നിന്നോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് യൂണിറ്റ് കുളത്തൂപ്പുഴ, പീരുമേട് ഓഫീസുകളിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

ദർഘാസ് ഫോറത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—1-8-2019 ഉച്ചയ്ക്ക് 1 മണി വരെ.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—1-8-2019, 3.00 മണി വരെ.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—1-8-2019, 3.30 മണി.

പകരം ദർഘാസ് തീയതികൾ—5-8-2019, 8-8-2019.

കാലാവധി—എഗ്രിമെന്റ് തീയതി മുതൽ 30 ദിവസത്തിനകം ജോലികൾ പൂർത്തിയാക്കിയിരിക്കണം. കൂടാതെ 31-3-2020 വരെ അറ്റകുറ്റപണികളും നിർവ്വഹിക്കേണ്ടതാണ്.

ദർഘാസുകൾ നടത്തുന്ന സ്ഥലം—ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് കാര്യാലയം.

**നിബന്ധനകൾ**

1. ജി.ഒ. (എംഎസ്.) നമ്പർ 26/2017/എഫ്&ഡബ്ല്യൂ.എൽ.ഡി. തീയതി 20-5-2017 ഉൾക്കൊള്ളിച്ചുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.
2. ദർഘാസ് ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ഈ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില പണമായോ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ പേർക്കെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ദർഘാസ് ഫോറം വനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപ്രകാരം ചെയ്യുകയാണെങ്കിൽ ദർഘാസ് ഫോറത്തിന്റെ വില ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, പാർട്ട്-1 ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ദർഘാസ് ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ദർഘാസ് ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.
3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കുമാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

4. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകളും ദർഘാസ് വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് റിസർച്ച് സൗത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ചുള്ള എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

5. ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ദർഘാസ് സമർപ്പിച്ചതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

6. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന പ്രകാരമോ ഒരു കിലോമീറ്റർ ഫയർലൈൻ എടുക്കുന്നതിനുള്ള അടിസ്ഥാന നിരക്കിന്റെ ഇത്ര ശതമാനമോ എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്കായിരിക്കും പരിഗണിക്കുക. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. (ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും കുറവാണെന്ന് വനം വകുപ്പ് കണ്ടെത്തുന്നപക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി ₹ 30,000 പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്നപക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.)

7. ദർഘാസ് സമർപ്പിക്കുന്ന വ്യക്തി ദർഘാസിന്റെ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ജോലിയുടെ പേര് രേഖപ്പെടുത്തി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ പേർക്ക് 1-8-2019 പകൽ മൂന്ന് മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്തും സ്ഥലത്തും സ്വീകരിക്കുന്നതായിരിക്കും.

8. നിശ്ചിത തീയതിയിലും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകളും പരിഗണിക്കുന്നതല്ല.

9. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകളുടെ ഒന്നാം ഭാഗം (പാർട്ട് 1) ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 1-8-2019-ന് പകൽ 3.30-ന് റിസർച്ച് സൗത്ത് ഡിവിഷൻ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. ദർഘാസുകളുടെ ഒന്നാം ഭാഗം അംഗീകരിച്ചിട്ടുള്ള ദർഘാസുകാരുടെ ദർഘാസുകളുടെ രണ്ടാം ഭാഗം (നിരക്ക് രേഖപ്പെടുത്തിയത്) തുടർന്ന് തുറക്കുന്നതായിരിക്കും. രണ്ടാം ഭാഗം തുറക്കുന്ന തീയതിയും സമയവും ഒന്നാം ഭാഗം അംഗീകരിച്ച ഉടൻതന്നെ പ്രഖ്യാപിക്കുന്നതായിരിക്കും.

13. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

14. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസിന്റെ രണ്ടാം ഭാഗം തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ദർഘാസുകാരനേയും അനുവദിക്കുന്നതല്ല.

15. കാലാകാലങ്ങളിൽ കേരളാ ഗവൺമെന്റ് നിശ്ചയിക്കുന്ന നികുതികൾ ഈ പ്രവർത്തിക്കും ബാധകമാണ്.

16. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, പ്രസ്തുത വിവരം ടി വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ₹200 വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ആയതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം വീഴ്ച വരുത്തിയ ദർഘാസുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

17. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 10% രൂപ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി തൃപ്തികരമായി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

Gaz. No. 29/2019/DTP (Forest).

18. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ കോൺട്രാക്റ്റ് പീരിയഡിൽ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

19. ദർഘാസ് ലഭിച്ചതിനുശേഷം ടി ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

20. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിച്ചാൽ ഉടൻതന്നെ തിരികെ നൽകുന്നതാണ്.

21. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള അളവ് ഏകദേശം മാത്രമാണ്.

23. ഉടമ്പടി കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട കോൺട്രാക്ടർ ഫയർലൈൻ കരിയില വിമുക്തമായി സൂക്ഷിച്ച് തോട്ടം തീ കയറാതെ സംരക്ഷിക്കേണ്ടതാണ്.

24. ജോലി തൃപ്തികരമായി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് രണ്ടോ അധിലധികമോ തവണകളായി ബിൽ തുക നൽകുന്നതാണ്. തുക നൽകുന്നത് ചെക്കായോ ഇ-പെയ്മെന്റ് ആയി മാത്രമോ ആയിരിക്കുന്നതാണ്.

25. താഴെപ്പറയും പ്രകാരം വിവിധ ഘട്ടങ്ങളിലായിട്ടായിരിക്കും കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

(1) ഫയർലൈൻ ജോലികൾ പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്തതിനുശേഷം കോൺട്രാക്ട് തുകയുടെ 80% ഒന്നാം ഘട്ടമായി നൽകുന്നതായിരിക്കും.

(2) 45 ദിവസം കഴിഞ്ഞ് പരിശോധനയ്ക്കുശേഷം രണ്ടാം ഗഡുവായി ബാക്കി 20% തുക നൽകുന്നതായിരിക്കും.

26. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് പ്രകാരം തുക നൽകുന്നതായിരിക്കും.

27. ദർഘാസ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് അംഗീകരിക്കാൻ പറ്റാത്തതാണെങ്കിൽ കോൺട്രാക്ട് സിസ്റ്റം അല്ലാതെ മറ്റ് ഏതെങ്കിലും മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

28. യാതൊരു കാരണവും കൂടാതെ ടെണ്ടർ റദ്ദാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് സൗത്തിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് സൗത്ത് ഓഫീസിൽ നിന്നും (ഫോൺ 0471 2368909) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

No. S1-443/2019. *3rd July 2019.*

It is hereby notified for the information of the public that sealed tenders are invited from the registered forest contractors for executing the maintenance works of various research plots during 2019-20 in Kulathupuzha and Peerumedu Research units under this Division as shown in the table below. The tender forms will be issued from the office of the Deputy Conservator of Forests (Research South) Division, Thiruvananthapuram upto l p.m. on 1-8-2019 on remitting the cost of tender form. The filled up and sealed tender in full form with sufficient EMD can be submitted up to 3 p.m. on 1-8-2019. The tender will be opened at 3.30 p.m. on the same day at the Office of the Deputy Conservator of Forests (Research South) Division, Thiruvananthapuram.

In case the notified date happens to be a public holiday, the tender will be conducted on 5-8-2019 and 8-8-2019 at the notified place and time, as per the same conditions. The Deputy Conservator of Forests (Research South) Division, Thiruvananthapuram reserves the power to exclude or postpone the tender on specific reasons.

SCHEDULE

| Sl. No. | Tender Number, Name of Research Unit and Name of Work | Area | EMD (₹) | Cost of tender form +12% GST (₹) | PAC (₹) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 1/2019-20—Kulathupuzha—Maintenance works of | 11.56 Ha | 6,290 | 563 (503+60) | 2,51,584 |
| | 1. 2000 TCSO Decentmukku | | | | |
| | 2. 2000 TSSO Decentmukku | | | | |
| | 3. 1981 TCSO Arippa | | | | |
| | 4. TCSO Central Nursery Kulathupuzha | | | | |
| 2 | 2/2019-20—Kulathupuzha—Maintenance works of | 15 Ha | 6,084 | 545 (487+58) | 2,43,343 |
| | 1. Experimental Plot Kalluvettamkuzhy | | | | |
| | 2. 2000 Bamboo Trail plot at Onthupacha | | | | |
| | 3. Medicinal Demonstration Garden at Chozhiyacode | | | | |
| 3 | 3/2019-20—Kulathupuzha—Maintenance works of | 13.06 Ha | 6,615 | 593 (529+64) | 2,64,611 |
| | 1. 1959 Anjili Plantation at Adappupara | | | | |
| | 2. 1986 Pinus Lower Elevation at Kalluvettankuzhy | | | | |
| | 3. 2014 BIT I Medicinally important oil yielding exotic tree Simarouba glauca at Kalluvettankuzhy | | | | |
| | 4. 2014 BIT II Medicinally important oil yielding exotic tree Simarouba glauca at Kalluvettankuzhy | | | | |
| | 5. 2005 Gene Bank of Mango, Jack Fruit and Garcinia at Kalluvettamkuzhy | | | | |
| | 6. 2007 Progeni Trial plot at Anappalayam | | | | |
| 4 | 4/2019-20—Kulathuppuzha—Maintenance work of | 18.44 Ha | 5412 | 485 (433+52) | 2,16,499 |
| | 1. 1998 Cane Plot at Anappalayam | | | | |
| | 2. 1998 Can Plot at Kalamkavu | | | | |
| | 3. 1998 Cane Plot at Mylamoodu | | | | |

| (1) | (2) (3) | | (4) | (5) | (6) |
|---|---|---|---|---|---|
| 5 | 5/2019-20—Kulathupuzha—Maintenance works of | 57.48 Ha | 10,969 | 982 (877+105) | 4,38,748 |
| | 1. 1986 Rosewood Plantation at Chozhiyacode | | | | |
| | 2. 1985 Rosewood Plantation at Chozhiyacode | | | | |
| | 3. 1999 Rosewood Plantation at Chozhiyacode | | | | |
| 6 | 6/2019-20—Kulathupuzha—Maintenance works of | 14 Ha | 5,978 | 535 (478+57) | 2,39,129 |
| | 1. 1987 Rosewood Plantation at Chozhiyacode | | | | |
| | 2. 2006 Progeni Trial of candidate plus trees of various species at Sasthanada | | | | |
| 7 | 7/2019-20—Peerumed—Maintenance & Seed Collection works of | 19 Ha | 6,950 | 623 (556+67) | 2,78,000 |
| | 1. 1954 Thembavu Seed Production area at Kalaketty | | | | |
| | 2. 1950 Ven Teak Seed Production area at Kalaketty | | | | |
| 8 | 8/2019-20—Peerumed—Maintenance works of | 28.7 Ha | 12,025 | 1,077 (962+115) | 4,81,000 |
| | 1. 1980 Sandal Seed Stand, Anakkalpetty | | | | |
| | 2. 1982 Sandal Seed Stand, Anakkalpetty | | | | |
| | 3. 1980-81 Sandal Seed Stand, Anakkalpetty | | | | |
| | 4. 1982 Sandal regeneration trial plot, Naachivayal | | | | |
| | 5. 1983 Sandal Seed Stand, Naachivayal | | | | |
| | 6. 1985 Sandal Seed Stand, Anakkalpetty | | | | |
| | 7. 1985 Sandal Seed Stand, Naachivayal | | | | |
| | 8. 1987 Sandal Regeneration trial plot, Anakkalpetty | | | | |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 9 | 9/2019-20—Peerumed—Maintenance works of<br>1. 2006 CSO Eucalyptus Grantis at Pettimudi<br>2. 1999 Cane Research Garden Valanjamkanam<br>3. 1977 Pinus Research Garden Valanjamkanam<br>4. 1981 sandal seed stand, Anakkalpetty | 15.23 Ha | 5,697 | 511 (456+55) | 2,27,883 |
| 10 | 10/2019-20—Peerumed—Maintenance works of<br>1. Trial Plantation of Teak using root trainer seedlings and Teak Stump, Thenkudam Bit II in Kaliyar Range<br>2. Trial Plantation of Teak using root trainer seedlings and Teak Stump, Thenkudam Bit I in Kaliyar Range | 4 Ha | 4,238 | 380 (339+41) | 1,69,500 |
| 11 | 11/2019-20—Peerumed—Maintenance works of<br>1. 1982 Pinus Research Garden and Provinance Trial Plot, Valanjanganam, Erumeli Range<br>2. 1983 Pinus Research Garden and Provinance Trial Plot, Valanjanganam, Erumeli Range<br>3. 1979 Pinus Research Garden and Provinance Trial Plot, Valanjanganam, Erumeli Range<br>4. 1977 Pinus Research Garden and Provinance Trial Plot, Valanjanganam, Erumeli Range<br>5. 1975 Pinus Research Garden and Provinance Trial Plot, Valanjanganam, Erumeli Range<br>6. 1981 Eucaliptus Research Garden, Valanjanganam, Erumeli Range<br>7. 1999 Cane Research Garden Valanjanganam, Erumeli Range<br>8. 1984 Pinus Research Garden And Provinance Trial Plot, Valanjanganam, Erumeli Range<br>9. 1983 Eucalyptus and Pinus Provinance Trial plot at Karikkatoor, Kanakappalam | 19.21 Ha | 5,544 | 496 (443+53) | 2,21,740 |

Further details can be had from the office of the Deputy Conservator of Forests (Research South), Thiruvananthapuram and Research Unit, Kulathupuzha, and Research Unit Peerumede.

The Last date and time of sale of tender form—1-8-2019 up to 1 p. m.

Date and time of receipt of tender—1-8-2019 up to 3 p. m.

Date and time of opening of tender—1-8-2019 up to 3.30 p. m.

Period of Contract—30 days from the date of agreement subsequent maintenance work till 31-3-2020.

Alternate dates—5-8-2019 and 8-8-2019.

Place of Tender—Office of the Deputy Conservator of Forests
(Research South) Division,
Thiruvananthapuram.

Conditions

1. All conditions in the G.O. (Ms.) No. 26/17/F&WLD dated 20-5-2017 will be applicable to this tender.

2. Tender form (Appendix 9) and other details (Not transferable) can be obtained from Deputy Conservator of Forest (Research South) Office on payment of Cash or by Demand Draft (DD) drawn in favour of Deputy Conservator of Forests (Research South), Thiruvananthapuram payable on any Scheduled/ Nationalized Bank. The cost of tender form will be fixed by Government from time to time. The application can also be downloaded from the official website of Kerala Forest Department and if the forms are downloaded from the website the cost of tender documents should be attached along with D D from a Nationalized/Scheduled Bank as mentioned above, along with Part I tender. The cost of tender forms once paid will be neither refundable on any account, not be adjusted towards cost of any other tender forms.

3. The tender form shall be used only by the person in whose name it is issued and for the work specified in the Schedule attached to the tender form.

4. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Deputy Conservator of Forests (Research South) office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. Any plea of ignorance of the agreement conditions or any complaint regarding the said conditions received after the time of tender will not be entertained.

5. Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.

6. The tenderer shall quote a firm percentage of the PAC or as in the schedule both in figures as well as in words in the appropriate column in the tender form. In the case of quoting different total amount in words and figures, least of the same will be considered valid and shall be binding on him/her.

7. The tenderer shall submit the filled up tender form together with all the pages intact in a sealed cover addressed to "The Deputy Conservator of Forests (Research South) Division, Thiruvananthapuram" and superscribed Tender for (Name of work as specified in the first part of tender notice) so as to reach this office as specified in the first part of tender notice.

8. Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.

9. Each tender shall be accompanied by a demand draft of a Nationalized/Scheduled Bank for the amount specified against each work as per the notification in favour of the the Deputy Conservator of Forests (Research South) Office, Thiruvananthapuram, as Earnest Money Deposit for the work.

10. SSI Units are exempted from remitting EMD, such units should produce necessary eligiblility certificates obtained from the Manager, District Industries Centre concerned.

11. All the corrections in the tender form shall be initialed by the tenderer himself.

12. Part I of the tenders received in due time will be opened by the Deputy Conservator of Forest at the time specified in the first part of tender notice in the presence of such of the tenderers present on that occasion.

13. Part-II tenders (price bid) of the tenderers whose Part-I tenders have been accepted only will be opened on the scheduled date of tender.

14. The lowest tender will ordinarily be accepted, but the authority competent to accept the tender reserves the power of accepting or rejecting any tender without assigning any reason thereof.

15. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.

16. All the taxes prevailing at the time is applicable to this tender.

17. The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued through registered letter bearing the address mentioned in the tender. The successful tenderer, within seven days of receipt of confirmation of his tender, shall have to execute an agreement in the prescribed form (Appendix 11) on a proper non-judicial stamp paper (worth ₹ 200) to be supplied by him at his cost. If the Contractor fails to execute the agreement during the period, the tender will be cancelled, and the Earnest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Deputy Conservator of Forest, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.

18. The successful tenderer while signing the agreement shall furnish a security deposit for an amount equal to 10 percent of the total Probable Amount of Contract. The security deposit will be released only after the successful completion of the contract work and after producing the Non Liability Certificate from the concerned officers.

19. The successful tenderer shall given an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.

20. The post-offers and representations sent, after receipt of the tender in respect of the work shall not be considered on any grounds.

21. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.

22. The quantities of work shown in the Schedule are approximate and it may vary on actual execution of work.

23. The details shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.

24. The contractor has to keep the fire line free from leaf litters throughout the contract period.

25. Payment in two installments will be made to the contractor on specific request and on submission of bill in the prescribed format at the following stages provided the condition specified are achieved. Payment will be made through crossed cheques or e-payment only.

26. Different stages at which payment will be made to the contractor for fire line certain works are as follows:

(i) First part payment up to 80% of the agreed amount after proper completion of the work as specified.

(ii) Second part payment up to 100% of the agreed amount will be after 45 days of completion of fire line creastion works provided the entire fire line is maintained properly, free from leaf litters.

27. Different stages at which payment will be made to the contractor for maintenance of research plots are as follows.

(i) First part payment up to 40% of the agreed amount after completion of first weeding

(ii) Second part payment up to 100% of the agreed amount after the completion of maintenance and the plantation is maintained free from weeds.

28. It shall be open to the Deputy Conservator of Forest to cancel/reduce the quantity of works to be executed in the attached schedule based on site conditions and the Deputy Conservator of Forest decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

29. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department.

30. The undersigned reserves the right to cancel the tender without assigning any reason.

Further details can be available from Deputy Conservator of Forest (Research South), Thiruvananthapuram and the Telephone No. 0471-2368909 on working days.

Office of the Deputy Conservator of Forests,
Thiruvananthapuram.

(Sd.)
*Deputy Conservator of Forests (Research South) Division,*
(For and on behalf of the Governor of Kerala).

---

## അച്ചൻകോവിൽ ഡിവിഷൻ

### ദർഘാസ് പരസ്യം

നമ്പർ എ1-806/2019. 2019 ജൂൺ 24.

അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർ ചുവടെ പട്ടികയിൽ വിവരിക്കുന്ന വനം സംബന്ധമായ ജോലിക്കുവേണ്ടി മൽസര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ദർഘാസുകൾ അംഗീകൃത കരാറുകാരിൽനിന്നും/സ്ഥാപനങ്ങളിൽ നിന്നും 2019 ജൂലൈ മാസം 24-ാം തീയതി ഉച്ചയ്ക്കുശേഷം 2 മണിവരെ ക്ഷണിച്ചുകൊള്ളുന്നു.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പർ | ഫയൽ നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും ₹ | നിരതദ്രവ്യം ₹ | ടെണ്ടർ ഫോറത്തിന്റെ വില (12% ജി.എസ്.ടി. ഉൾപ്പെടെ) ₹ | കരാർ കാലാവധി |
|---|---|---|---|---|---|---|
| 1 | 01/2019-20 | എ1-806/2019 | കാനയാർ റെയിഞ്ചിന്റെ അധികാര പരിധിയിൽ വരുന്ന കാനയാർ സെക്ഷനിൽപ്പെട്ട തേൻപാറ ചൂരൽ തോട്ടത്തിന്റെ 2019-20 കാലയളവിലെ രണ്ടാം വർഷ പരിചരണ ജോലികൾ—₹ 2.18 ലക്ഷം | 5,500 | 525+ജി.എസ്.ടി. 63=588 | 30-6-2020 |
| 2 | 02/2019-20 | എ1-1078/2019 | കല്ലാർ റെയിഞ്ചിന്റെ അധികാര പരിധിയിൽ വരുന്ന അറമ്പ സെക്ഷനിൽപ്പെട്ട 2018 കൂട്ടക്കൽ ചൂരൽ തോട്ടത്തിന്റെ 2019-20 കാലയളവിലെ രണ്ടാം വർഷ പരിചരണ ജോലികൾ—₹ 2.863 ലക്ഷം | 7,200 | 525+ജി.എസ്.ടി. 63=588 | 30-6-2020 |

കരാറുകാരുടെ യോഗ്യത—ഡി ക്ലാസ്സും അതിലുപരിയും.

ദര്‍ഘാസ് ഫോറം നല്‍കുന്ന തീയതിയും സമയവും—24-7-2019 ഉച്ചയ്ക്ക് 1 മണിവരെ.

ദര്‍ഘാസുകള്‍ തുറക്കുന്ന തീയതിയും സമയവും—24-7-2019 ഉച്ചയ്ക്കുശേഷം 3.30 മണി.

ദര്‍ഘാസുകള്‍ സ്വീകരിക്കുന്ന പകരം തീയതിയും സമയവും—24-7-2019 ഉച്ചയ്ക്ക് 2 മണിവരെ.

ദര്‍ഘാസുകള്‍ തുറക്കുന്ന പകരം തീയതിയും സമയവും—26-7-2019 ഉച്ചയ്ക്കുശേഷം 3.30 മണി.

ദര്‍ഘാസ് ഫോറം ആവശ്യമുള്ള കരാറുകാര്‍ അവരുടെ തിരിച്ചറിയല്‍ രേഖയും, ഫോറത്തിന്റെ വിലയും ഹാജരാക്കിയെങ്കില്‍ മാത്രമേ ദര്‍ഘാസ് ഫോറങ്ങള്‍ ലഭിക്കുകയുള്ളൂ. ലേബര്‍ കോണ്‍ട്രാക്ട് സൊസൈറ്റിയെ പ്രതിനിധീകരിച്ചു ടെന്‍ഡറില്‍ പങ്കെടുക്കുന്നവര്‍ ടിയാന്മാര്‍ സൊസൈറ്റിയെ പ്രതിനിധീകരിച്ച് പങ്കെടുക്കാന്‍ അധികാരപ്പെടുത്തുന്ന രേഖ സഹകരണ രജിസ്ട്രാറില്‍നിന്നും വാങ്ങി ഹാജരാക്കിയെങ്കില്‍ മാത്രമേ ദര്‍ഘാസ് ഫോറങ്ങള്‍ ലഭിക്കുകയുള്ളൂ. ദര്‍ഘാസ് ഫോറത്തിനായി അതിന്റെ വില്‍പ്പന നികുതിയടക്കം രൊക്കം പണമായി അടച്ച് രേഖാമൂലം അപേക്ഷിക്കേണ്ടതാണ്. ദര്‍ഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും തിരികെ നല്‍കുന്നതല്ല. ദര്‍ഘാസ് പ്രമാണങ്ങള്‍ കൈമാറ്റം ചെയ്യുവാന്‍ പാടുള്ളതല്ല. ദര്‍ഘാസ് പ്രമാണത്തോടൊപ്പം ₹ 200-ന്റെ മുദ്രപ്പത്രത്തില്‍ പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിരിക്കേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം അച്ചന്‍കോവില്‍ ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസറുടെ പേരില്‍ പ്ലെഡ്ജ് ചെയ്ത് പ്രവര്‍ത്തിയുടെ പേര് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. മേല്‍പ്പറഞ്ഞ വ്യവസ്ഥകള്‍ പാലിക്കാത്ത കരാറുകാരുടെ ദര്‍ഘാസുകള്‍ സ്വീകരിക്കുന്നതല്ല.

നിരതദ്രവ്യം അച്ചന്‍കോവില്‍ ഡിവിഷണല്‍ ഫോറസ്റ്റാഫീസറുടെ പേരില്‍ പണയപ്പെടുത്തിയ സ്ഥിരനിക്ഷേപമായോ നാഷണല്‍ സേവിംഗ്സ് സര്‍ട്ടിഫിക്കറ്റ് ആയോ ദര്‍ഘാസിനോടൊപ്പം സമര്‍പ്പിക്കേണ്ടതാണ്. ദര്‍ഘാസുകള്‍ 24-7-2019-ാം തീയതി ഉച്ചയ്ക്ക്ശേഷം 3.30 മണിയ്ക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തില്‍ തുറന്ന് പരിശോധിക്കുന്നതാണ്. എന്നാല്‍ അന്നേദിവസം ഏതെങ്കിലും കാരണവശാല്‍ ദര്‍ഘാസ് നടക്കാതെ വന്നാല്‍ 26-7-2019-ാം തീയതി അതേ സ്ഥലത്തും, സമയത്തും ദര്‍ഘാസ് നടത്തുന്നതായിരിക്കും. ദര്‍ഘാസ് സ്വീകരിക്കുന്ന അവസാന ദിവസം പൊതു അവധി പ്രഖ്യാപിച്ചാല്‍ അടുത്ത പ്രവര്‍ത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ദര്‍ഘാസുകള്‍ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. 20-5-2017-ലെ കേരള സര്‍ക്കാര്‍ ഉത്തരവ് നമ്പര്‍ ജി.ഒ. (എം.എസ്.) 26/2017/വനം വന്യജീവി വ്യവസ്ഥകള്‍ ഉള്‍പ്പെടെ പൊതുമരാമത്ത് വകുപ്പിലെ ദര്‍ഘാസിനെ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഈ ദര്‍ഘാസിനും ബാധകമായിരിക്കും.

നിബന്ധനകള്‍

1. ജി. ഒ. (എംഎസ്.) 26/2017 വനം വന്യജീവി വകുപ്പ് തീയതി 20-5-2017 എന്ന സര്‍ക്കാര്‍ ഉത്തരവിലെ എല്ലാ വ്യവസ്ഥകള്‍ക്കും വനം വകുപ്പില്‍ നിലവിലുള്ള ദര്‍ഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകള്‍ക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972-ലെ വ്യവസ്ഥകള്‍ക്കും ദര്‍ഘാസുകാരന്‍ വിധേയനായിരിക്കുന്നതാണ്.

2. അച്ചന്‍കോവില്‍ ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദര്‍ഘാസുകാരുടെയോ അവരുടെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തില്‍ ടെണ്ടര്‍ തുറക്കുന്നതായിരിക്കും.

3. ഒരു വ്യക്തിയുടെ പേരില്‍ നല്‍കിയിട്ടുള്ള ദര്‍ഘാസ് ഫോറം ആ വ്യക്തിക്കുമാത്രവും ടെണ്ടര്‍ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാന്‍ പാടുള്ളൂ.

4. ടെണ്ടര്‍ സമര്‍പ്പിക്കുന്നതിനു മുന്‍പായി ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകള്‍ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസില്‍ നിന്നും ലഭ്യമാകുന്നതാണ്. ദര്‍ഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ദര്‍ഘാസ് സമര്‍പ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകള്‍ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകള്‍ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

5. ദര്‍ഘാസ് സമര്‍പ്പിക്കുന്നതിനു മുന്‍പായി ജോലി നടത്തേണ്ട സ്ഥലവും ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് വര്‍ദ്ധിപ്പിക്കുന്നതല്ല.

6. ദര്‍ഘാസില്‍ പങ്കെടുക്കുന്ന ആള്‍ ദര്‍ഘാസ് ഷെഡ്യൂളില്‍ പറയുന്ന മതിപ്പു കരാര്‍ തുകയുടെ ഇത്ര ശതമാനം എന്ന് ദര്‍ഘാസ് ഫോറത്തിലെ പ്രസക്ത കോളത്തില്‍ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കില്‍ അതില്‍ കുറഞ്ഞ നിരക്ക് പ്രാബല്യത്തിലുള്ളതായി പരിഗണിക്കുന്നതായിരിക്കും. ആയത് അംഗീകരിക്കാന്‍ ദര്‍ഘാസുകാരന്‍ ബാദ്ധ്യസ്ഥനാണ്. ദര്‍ഘാസ് ഫോറത്തില്‍ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂര്‍ത്തിയാക്കാന്‍ കഴിയുന്നതിലും വളരെ കുറവാണെന്ന് വനം വകുപ്പ് കാണുന്നപക്ഷം ആയത് സംബന്ധിച്ച് ദര്‍ഘാസുകാരനില്‍ നിന്നും തൃപ്തികരമായ വിശദീകരണം നല്‍കാന്‍ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദര്‍ഭത്തില്‍ ദര്‍ഘാസ് അംഗീകരിക്കുന്നതിനു മുന്‍പായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി ₹ 30,000 പ്രത്യേക/അധിക സെക്യൂരിറ്റിയായി ഒടുക്കുവാന്‍ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്നപക്ഷം അഥവാ വിശദീകരണം നല്‍കിയിട്ടില്ലായെങ്കില്‍ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പില്‍ നിക്ഷിപ്തമാണ്.

7. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകളും പരിഗണിക്കുന്നതല്ല.

8. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

9. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 24-7-2019 3.30 മണിക്ക് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

10. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷെ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

11. ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്നു മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല.

12. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 15 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള ₹ 200 വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പ് വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനം വകുപ്പിലേക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽവച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്നപക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

13. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 10% പരമാവധി ₹ 5,00,000 സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പുവയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

15. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

16. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

17. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

18. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസുകാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ബാധ്യസ്ഥനാണ്.

19. ദർഘാസ് കാലയളവിൽ കോൺട്രാക്ടർ കളകൾ നീക്കം ചെയ്ത് തോട്ടങ്ങൾ സംരക്ഷിക്കേണ്ടതാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം തവണകളായി ബിൽ തുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ബാങ്ക്/ട്രഷറി അക്കൗണ്ട് മുഖേനയോ ആയിരിക്കും.

1 ചൂരൽ തോട്ടങ്ങളുടെ രണ്ടാം വർഷ പരിചരണ ജോലികൾ

(i) രണ്ടാം വർഷ പരിചരണ ജോലികളുടെ ഭാഗമായി പോക്ക് തൈകൾ വച്ച് പിടിപ്പിക്കുന്നത് വരെയുള്ള ജോലികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അംഗീകരിച്ച കരാർ തുകയുടെ 40% തുക ഒന്നാം ഗഡുവായി നൽകുന്നതാണ്.

(ii) അവശേഷിക്കുന്ന ഫയർ ലൈൻ നിർമ്മാണം ഉൾപ്പെടെയുള്ള രണ്ടാം വർഷത്തെ എല്ലാ ജോലികളും പൂർത്തിയാക്കുന്ന മുറയ്ക്കും കൂടാതെ വച്ചു പിടിപ്പിച്ചിട്ടുള്ള തൈകൾ 4 മീറ്റർ ഉയരത്തിൽ വളർച്ച കൈവരിക്കുകയും നട്ടുപിടിപ്പിച്ചിട്ടുള്ള ആകെ തൈകളുടെ ഏറ്റവും കുറഞ്ഞത് 90% തൈകൾ എങ്കിലും 2020 ജൂൺ മാസത്തിൽ അതിജീവനം പ്രാപിക്കുകയും ചെയ്യുന്ന മുറയ്ക്കും അംഗീകരിച്ച കരാർ തുകയുടെ 100% തുക രണ്ടാമത്തെയും അവസാന ഗഡുവായും നൽകുന്നതാണ്.

